പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 31 — 18/2/2009-ൽ മറുപടിക്ക്

# ജയിൽ നിയമം പരിഷ്കരിക്കൽ

ചോദ്യം — ഉത്തരം

ശ്രീ. വി.ജെ. തങ്കപ്പൻ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ:
ശ്രീ. പി. കൃഷ്ണപ്രസാദ്:
ശ്രീ. പി. ജയരാജൻ:
ശ്രീ. ബാബു എം. പാലിശ്ശേരി:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ജയിൽ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കരട് തയ്യാറായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കരട് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ). ഉണ്ട്. കരട് നിയമത്തിലെ പുതിയ നിർദ്ദേശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി). ജയിലിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി). ജയിലുകളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വളരെയേറെ പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി ജയിലുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ജയിലുകളിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ സർവൈലൻസ് സിസ്റ്റം ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. വിവിധ ജയിലുകളിലും, ജയിൽ ആസ്ഥാന കാര്യാലയത്തിലും കംപ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം. റേഡിയോ വഴി ഉപയോഗിക്കുവാൻ തടവുകാർക്ക് അനുമതി നൽകിയിട്ടുണ്ട്. സെൻട്രൽ ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തടവുകാരുടെ ഉപയോഗത്തിനായി കോയിൻ ബോക്സ് ടെലിഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി). ജയിലുകളിൽ ഇപ്പോൾ ആകെ എത്ര തടവുകാരുണ്ട്; | (സി). കേരളത്തിലെ ജയിലുകളിൽ 15-1-2009 ലെ കണക്ക് പ്രകാരം 5694 തടവുകാർ ഉണ്ട്. |
| (ഡി). ജയിലുകളിൽ തൊഴിൽ പരിശീലനത്തിന് നിലവിലുള്ള സൗകര്യങ്ങൾ വിശദമാക്കുമോ; | (ഡി). വനിതാ തടവുകാർക്ക് ജയിലിനുള്ളിൽ തയ്യൽ , എംബ്രോയ്ഡറി, വീവിംഗ് , ബുക്ക് ബയന്റിംഗ്, പേപ്പർ കവർ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി വരുന്നു. സെൻട്രൽ ജയിലുകളിലെ പുരുഷ തടവുകാർക്ക് മരപ്പണി, കൊല്ലപ്പണി, സോപ്പ് നിർമ്മാണം, തുണി നെയ്ത്ത്, തയ്യൽ എന്നിവയിൽ പരിശീലനം നൽകിവരുന്നു. തടവുകാർക്ക് കായികവിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകിവരുന്നു. കൂടാതെ തടവുകാർക്ക് വെട്ടുകല്ല് നിർമ്മാണം , ഡയറിഫാം , ഗോട്ട്ഫാം, തേനീച്ച വളർത്തൽ , റബ്ബർ ടാപ്പിംഗ്, റബ്ബർ ഷീറ്റ് ഉത്പാദനം , കെട്ടിടനിർമ്മാണം കംപ്യൂട്ടർ പരിശീലനം തുടങ്ങിയ രംഗങ്ങളിൽ പരിശീലനം നൽകിവരുന്നു. വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഇ). ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർ വീണ്ടും കുറ്റവാളികളാകുന്നത് തടയാൻ പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ). ശിക്ഷ ഇളവ് കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊബേഷൻ ആഫീസറുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ പ്രൊബേഷൻ ആഫീസർ ടിയാളുമായി നിരന്തര ബന്ധം പുലർത്തുകയും കുടുംബത്തിനും സമൂഹത്തിലും പുനരധിവസിപ്പിക്കുന്നതിനും മാന്യമായ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുമായി സഹായിക്കുന്നു. സ്വയംതൊഴിൽ ചെയ്യുന്നതിനായി പതിനായിരം രൂപ വരെ ധനസഹായം അനുവദിക്കുന്നുമുണ്ട്. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 32. 18.02.2009-ലെ മറുപടിക്ക്

പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>,, കെ. വി. കുഞ്ഞിരാമൻ :<br>,, ടി. പി. കുഞ്ഞുണ്ണി :<br>,, എം. പ്രകാശൻ മാസ്റ്റർ : | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) 2009-2010 അധ്യയന വർഷത്തേയ്ക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സ്കൂൾ തുറക്കുന്ന ആഴ്ച തന്നെ വിതരണം ചെയ്യാനാകും വിധം അച്ചടിയും അനുബന്ധ ജോലികളും പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം പാഠപുസ്തകങ്ങൾ ഇതിനകം അച്ചടിക്ക് തയ്യാറായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) 9, 10 ക്ലാസുകളിലെ മാറ്റമില്ലാത്ത മുഴുവൻ പുസ്തകങ്ങളുടേയും അച്ചടി പൂർത്തിയായി കഴിഞ്ഞു. പരിഷ്കരിച്ചതും പുതുതായി ഏർപ്പെടുത്തിയതുമായ എല്ലാ പുസ്തകങ്ങളും അച്ചടിക്കുവാൻ തയ്യാറായിട്ടുണ്ട്. |
| (സി) പുസ്തകങ്ങളുടെ അധികഭാരം ഒഴിവാക്കുന്നതിനായി കൂടുതൽ പേജുകളുള്ള പാഠപുസ്തകങ്ങൾ രണ്ടു ഭാഗങ്ങളായി അച്ചടിക്കുമോ ; | (സി) കൂടുതൽ പേജുകളുള്ള പാഠപുസ്തകങ്ങൾ രണ്ട് വാല്യങ്ങളായി അച്ചടിക്കുന്ന രീതി നടപ്പ് അധ്യയന വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ രീതി തുടരുന്നതാണ്. |
| (ഡി) ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പുസ്തകങ്ങൾക്കാണ് അടുത്ത വർഷം മാറ്റം ഉള്ളത്. | (ഡി) 2, 4, 6, 8 എന്നീ ക്ലാസുകളിലെ മുഴുവൻ പാഠപുസ്തകങ്ങളും അടുത്ത അധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) സൗജന്യ പാഠപുസ്തക വിതരണം അടുത്തവർഷവും തുടരുമോ എന്ന് വ്യക്തമാക്കുമോ ? | (ഇ) തുടരുന്നതാണ്. |

Philip

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u> | <u>18.02.2009 - ൽ മറുപടിയ്ക്ക്</u>

<u>ചോദ്യം നമ്പർ: 33</u>

## <u>സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ. കെ. ജയചന്ദ്രൻ :<br>ശ്രീ.സി. കെ.പി. പത്മനാഭൻ:<br>ശ്രീ.പി. കെ. സദാശിവൻ : | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പാ അനുപാതം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പാ അനുപാതം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 6/2008-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ 2008-09 വർഷത്തെ കാർഷിക വായ്പാ വിതരണം സംബന്ധിച്ച് ചർച്ച ചെയ്യുകയും സഹകരണ സ്ഥാപനങ്ങളിൽ കാർഷിക വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പകളായി വിതരണം ചെയ്യണമെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പകൾക്ക് കർഷകരിൽ നിന്നും ഈടാക്കുന്ന പലിശ നിരക്കും കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരമാവധി കുറയ്ക്കുകയുണ്ടായിട്ടുണ്ട്. നബാർഡിൽ നിന്നും പരമാവധി തുക പുനർ വായ്പയായി |

ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25,000/- രൂപവരെ നെൽകൃഷിക്ക് 0% പലിശ നിരക്കിൽ സംസ്ഥാനത്താകെ വായ്പ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും അതിനനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടും ഉണ്ട്. കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാർഷിക വായ്പകൾ ഒട്ടും വിതരണം ചെയ്യാത്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് ബാങ്കുകളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ കാരണംകാണിക്കൽ നോട്ടീസുകൾ നൽകിതുടങ്ങിയിട്ടുണ്ട്. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ അത്തരം സംഘങ്ങൾക്കെതിരെ സ്വീകരിക്കുന്നതാണ്. മേൽ നടപടികൾ സഹകരണ സംഘങ്ങൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം ഗണ്യമായി വർദ്ധിക്കുന്നതിന് സഹായിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | കൃഷിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | കൃഷിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പകൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശത്തിനനു സൃതമായി പരമാവധി 7%ത്തിൽ അധികരിക്കാതെ കാർഷിക വായ്പ നൽകിവരുന്നു. മാത്രമല്ല, നെൽകൃഷിക്ക് 0% പലിശ നിരക്കിൽ 25,000/- രൂപ വരെയുള്ള വായ്പ നൽകിവരുന്ന പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കിയിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിന് പുനർ വായ്പ ഇനത്തിൽ പരമാവധി തുക നബാർഡിൽ നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. സഹകരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പാ വിഹിതത്തിന് രണ്ട് ശതമാനം പലിശ ഇളവ്(ഇന്ററസ്റ്റ് സബ്വെൻഷൻ) നബാർഡിൽ നിന്നും ലഭ്യമാക്കിവരുന്നുണ്ട്. മാത്രമല്ല, 7% പലിശ നിരക്കിൽ സ്വർണ്ണത്തിന്റെ ഈടിൻമേൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുകയും അതനുസരിച്ച് വായ്പ നൽകി വരുകയും ചെയ്യുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 18.5.2006-ലെ നിക്ഷേപ ബാക്കി നിൽപ്പ് 20287.23 കോടി രൂപയായിരുന്നത് 15.12.2008-ലെ കണക്കുപ്രകാരം 43006.09 കോടി രൂപയാണ്. കഴിഞ്ഞ 32 മാസത്തിനുള്ളിൽ 22718.86 കോടി രൂപയുടെ നിക്ഷേപ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ആയത് സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) സഹകരണ നിയമം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ടുകൂടി കണക്കിലെടുത്ത് സഹകരണ നിയമം കാലോചിതവും സമഗ്രവുമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 34 — 18.02.2009-ൽ മറുപടിയ്ക്ക്

### "ശബരിമല മാസ്റ്റർ പ്ലാൻ"

**ചോദ്യം**

ശ്രീ. വി.എൻ.വാസവൻ
" രാജു എബ്രഹാം
" കെ.സി.രാജഗോപാലൻ
" എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.ജി.സുധാകരൻ
ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി.

(എ) ശബരിമമല മാസ്റ്റർ പ്ലാനിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; മൊത്തം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ 2006 ൽ തുടങ്ങി 2050 വർഷ കാലയളവു വരെയുള്ള ദീർഘ കാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2015 നകമുള്ള ആദ്യഘട്ടവും (ഉടനടി ചെയ്തുതീർക്കേണ്ടവ) 2016 മുതൽ 2050 വരെയുള്ള ദീർഘകാലഘട്ടവും കേരളം ഒന്നായിക്കണ്ട് ഓരോ എൻട്രി പോയിന്റ് തൊട്ട് തീർത്ഥാടകർ ഏതെല്ലാം ക്ഷേത്രങ്ങളും മറ്റും സന്ദർശിക്കുന്നോ അതിനെ അടിസ്ഥാനമാക്കിയുള്ള യാത്രാ സൗകര്യങ്ങൾ, താമസ സൗകര്യങ്ങൾ, റോഡുകളുടെ വികസനം, ജലലഭ്യത, ശുചീകരണം, മലിനീകരണ നിയന്ത്രണം, സീവേജ് ഡിസ്പോസൽ, ഖരമാലിന്യ നിർമ്മാർജ്ജനം, മെഡിക്കൽ സൗകര്യങ്ങൾ, ക്യൂ കോംപ്ലക്സുകൾ, റോപ്പ്‌വേ, ലാട്രിനുകൾ, ബാത്ത്റൂമുകൾ, സന്നിധാനം പമ്പ മുതലായ സ്ഥലങ്ങളുടെ റീകൺസ്ട്രക്ഷനുകൾ, ബേസ് ക്യാമ്പുകളുടെ വികസനം മുതലായ പദ്ധതികൾ ശാസ്ത്രീയമായും പരിസ്ഥിതിക്കനുയോജ്യമായും വികസിപ്പിക്കുകയാണ് ലക്ഷ്യം. മാസ്റ്റർ പ്ലാനിൽ

എല്ലാ പദ്ധതികൾക്കുമുള്ള തുക വിലയിരുത്തിയിട്ടില്ല. കറന്റ് വാല്യൂ 736.5510 കോടി രൂപയായി മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏകദേശം 1000 കോടി രൂപയായി കണക്കാക്കാവുന്നതാണ്.

(ബി) പദ്ധതിയുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) 2015 ൽ അവസാനിക്കുന്ന ഘട്ടവും 2016 മുതൽ 2050 വരെയുള്ള ഘട്ടവുമുണ്ട്. ക്യൂ കോംപ്ലക്സ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, റോപ്പ്‌വേ, വഴികളുടെ വീതി കൂട്ടൽ, ലാട്രിനുകളുടെയും ബാത്ത്റൂമുകളുടെയും നിർമ്മാണം, അരവണ കോംപ്ലക്സ് നിർമ്മാണം, കാർഡിയോളജി സെന്ററുകളുടെ നിർമ്മാണം, വിരിഷെഡ്ഡുകളുടെയും, വിശ്രമ കേന്ദ്രങ്ങളുടെയും നിർമ്മാണം, ഖരമാലിന്യ നിർമ്മാർജ്ജനം (ഇൻസിനറേറ്റർ കംപോസ്റ്റിംഗ് സിസ്റ്റം) മുതലായവയ്ക്ക് ആണ് മുൻതൂക്കം നൽകുന്നത്. രണ്ടാം ഘട്ടമായി ശബരിമല റോഡുകളുടെ വികസനം ഇടത്താവളങ്ങളുടെ വികസനം, കുടിവെള്ള ശേഖരണ-വിതരണ സംവിധാനം വിപുലീകരണം, ക്ഷേത്ര സമുച്ചയ പുനഃനിർമ്മാണം മുതലായവ ഉൾപ്പെടുന്നു. ബഹു. ദേവസ്വം മന്ത്രി മുൻകൈയെടുത്തു 28.01.2009 ൽ വിളിച്ചുചേർത്ത യോഗത്തിൽ പദ്ധതി നടത്തിപ്പിന്റെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) കൺവീനറും ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ എന്നിവർ മെമ്പർമാരുമായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതിക്ക് ആവശ്യമായ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. സ്പോൺസർഷിപ്പ്, സംഭാവന

മുതലായവ ഭക്തജനങ്ങളിൽ നിന്നും സ്വീകരിച്ചും ദേവസ്വം ഫണ്ട്, കേന്ദ്രധന സഹായം മുതലായവ ലഭ്യമാക്കിയും നട പ്പിലാക്കാനാണ് ദേവസ്വം ബോർഡ് ഉദ്ദേ ശിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിലും പമ്പാ ആക്ഷൻ പ്ലാനിലും പൊതുവായി ഉൾപ്പെ ട്ടിട്ടുള്ള പദ്ധതികളുണ്ട്. അവയ്ക്ക് പമ്പാ ആക്ഷൻ പ്ലാനിൽപ്പെടുത്തി കേന്ദ്ര സർ ക്കാർ ധനസഹായം നൽകുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ ശബരിമല സീസണിൽ ഏതെല്ലാം വികസന പ്രവർത്തന ങ്ങൾ നടത്തി എന്ന് വിശദമാക്കുമോ?

(ഇ) കഴിഞ്ഞ ശബരിമല സീസണിൽ മുഖ്യ മായി ചന്ദ്രാനന്ദൻ റോഡിൽ കോൺ ക്രീറ്റ് സംരക്ഷണഭിത്തി, ബാരിക്കേട്, കേബിൾഡക്ക് എന്നിവ നിർമ്മിച്ച് 7 മീറ്റർ വീതിയാക്കി, 3 മീറ്ററിൽ സ്ലാബു നിരത്തി കാൽനടയാത്ര സുഗമമാക്കി. ശബരിമലയിലും പമ്പയിലും, നിലയ്ക്കലി ലും, ലാട്രിനുകൾ, പോലീസ് ക്വാർട്ടേഴ്സു കൾ, പോലീസ് സ്റ്റേഷൻ, ഇൻസിനേറ്റ റുകൾ, റോഡുകളുടെ വികസനം (നിലയ്ക്കൽ) മുതലായ നിർമ്മാണപ്രവൃ ത്തികളാണ് നടത്തിയത്. ചില പണികൾ നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.35 — 18.2.2009 -ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്ന സ്കോളർഷിപ്പ് ഫണ്ട്.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.രാഘവൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്ന സ്കോളർഷിപ്പ് ഫണ്ട് ഏതുവർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള സ്കോളർഷിപ്പ് ഫണ്ട് 2010-11 വർഷം മുതൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) എത്ര കോടി രൂപയുടെ ഫണ്ടാണ് രൂപീകരിക്കുന്നത്; ഫണ്ടിലേക്കുള്ള തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) 100 കോടി രൂപയുടെ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഫണ്ടിലേക്കുള്ള തുക പ്രവാസി മലയാളികൾ അടക്കമുള്ള വിശാലമനസ്കരിൽ നിന്ന് സംഭാവനയായി സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിധം സ്വരൂപിക്കാൻ കഴിയുന്ന തുകയ്ക്ക് തുല്യമായ തുക സംസ്ഥാന സർക്കാർ മാച്ചിംഗ് ഗ്രാന്റായി നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യമേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കും സ്കോളർഷിപ്പ് നൽകാൻ പദ്ധതിയുണ്ടോ; | (സി) | ഉന്നതവിദ്യാഭ്യാസസ്കോളർഷിപ്പ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകു മ്പോൾ ഫണ്ടിന്റെ ആനുകൂല്യം സ്വകാര്യ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കും നൽകേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ് |
| (ഡി) | ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരി ക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.36 — 18.02.2009 ൽ മറുപടിയ്ക്ക്

### സംസ്ഥാന സ്ക്കൂൾ കലോത്സവം-അവലോകനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. എ.എം.യൂസഫ്<br>ശ്രീ. കെ.സി രാജഗോപാലൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | ഇക്കഴിഞ്ഞ സംസ്ഥാന സ്ക്കൂൾ കലോത്സവം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) | വിശദമായ അവലോകനം നടത്തിയിട്ടില്ല. എങ്കിൽ കൂടി സംയോജിപ്പിച്ചുകൊണ്ടുള്ള സ്ക്കൂൾ കലോത്സവത്തെപ്പറ്റി എല്ലാഭാഗത്തുനിന്നും വളരെ നല്ല അഭിപ്രായമാണ് ലഭിച്ചിട്ടുള്ളത്. |
| ബി) | സ്ക്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ കലോത്സവം ഏകീകരിച്ച് സംയോജിത മേളയായി സംഘടിപ്പിച്ചതു മൂലമുണ്ടായ ഗുണദോഷങ്ങൾ വ്യക്തമാക്കുമോ ; | ബി) | മേളകൾ സംയോജിപ്പിച്ചതുകൊണ്ട് കുട്ടികൾക്ക് ഉണ്ടാകുമായിരുന്ന അദ്ധ്യായന നഷ്ടം ഒ ലഘൂകരിക്കാനും പ്രത്യേകമായി നടത്തിയാൽ ഉണ്ടാകുമായിരുന്ന അധിക ചെലവ് നിയന്ത്രിക്കാനും കഴിഞ്ഞു. കൂടാതെ ഇക്കാര്യത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉള്ള അദ്ധ്വാനഭാരം ലഘൂകരിക്കാനും സാധിച്ചു. |
| സി) | ഈ വർഷത്തെ അനുഭവങ്ങൾ പരിഗണിച്ച് അടുത്ത വർഷത്തെ കലോത്സവത്തിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | സി) | ഈ വർഷത്തെ കലോത്സവം വിജയകരമായിരുന്നു. എന്നിരുന്നാൽകൂടി ഭാവിയിൽ കലോത്സവം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ വേണ്ട മാർഗ്ഗങ്ങൾ ആരായുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | ജില്ലാ തലത്തിൽ നിന്നും അപ്പീൽ വഴി എത്ര പേർ കലാമേളക്ക് എത്തി എന്ന് വെളിപ്പെടുത്തുമോ ; | ഡി) | 282 പേർ |
| ഇ) | അപ്പീൽ വഴി കലാമേളക്ക് എത്തുന്നവരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | ഇ) | എല്ലാവർഷവും നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. അടുത്ത വർഷം കൂടുതൽ കർക്കശമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| എഫ്) | കലോത്സവത്തിന്റെ നടത്തിപ്പിന് രൂപീകരിക്കുന്ന സബ്കമ്മിറ്റികൾ ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങളിലേതടക്കമുള്ള ജനപ്രതിനിധികളും അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ സംഘടനാ പ്രതിനിധികളും മറ്റു പൊതുപ്രവർത്തകരുമടങ്ങുന്ന കൂട്ടായ്മകളാക്കി പ്രവർത്തിക്കത്തക്കവിധത്തിൽ പുനഃക്രമീകരിക്കുമോ ? | എഫ്) | സബ്കമ്മിറ്റി കൺവീനർമാർ അദ്ധ്യാപക സംഘടനാ പ്രതിനിധികളും ചെയർമാൻമാർ ജനപ്രതിനിധികളും ആണ്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥ പ്രമുഖരും ജനപ്രതിനിധികളും സഹകരിച്ചാണ് മേളകൾ നടത്തുന്നത്. എല്ലാ വിഭാഗങ്ങളിലുമുള്ള ആൾക്കാർ മെമ്പർമാരായിട്ടുള്ള ജനകീയ കമ്മിറ്റികൾ ആയിട്ടാണ് കലോത്സവ കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. ഇത് കൂടുതൽ ജനകീയമാക്കി പ്രവർത്തനപഥത്തിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 37 — 18/02/2009-ൽ മറുപടിക്ക്

## ഐ. ടി. അറ്റ് സ്കൂൾ

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വിദ്യാഭ്യാസവകുപ്പിന്റെ ഐ.ടി. അറ്റ് സ്കൂൾ പരിപാടിയിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഇല്ല. |
| ബി) | എന്തെല്ലാം പദ്ധതികളാണ് ഐ.ടി. അറ്റ് സ്കൂൾ പരിപാടിയിലൂടെ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ? | ബി) | ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ട് നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഐ.സി.ടി. സ്കീം നടപ്പാക്കൽ, സംസ്ഥാനത്തെ സ്കൂളുകൾക്ക് ബ്രോഡ് ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കൽ, അദ്ധ്യാപക പരിശീലനം നൽകൽ, ഹാർഡ് വെയർ ക്ലിനിക് സംഘടിപ്പിക്കൽ, ഹാർഡ് വെയർ ട്രെയിനിംഗ് നടത്തിപ്പ് തുടങ്ങിയവയാണ്. ഇതിനു പുറമേ പ്ലസ് വൺ അഡ്മിഷനുള്ള ഏകജാലക സംവിധാനത്തിന്റെ അനുബന്ധപ്രവർത്തനങ്ങൾ നടത്തുന്നത് ഐ. ടി. അറ്റ് സ്കൂൾ പ്രോജക്ടാണ്. ഉച്ചഭക്ഷണ പരിപാടിയുടെ അനുബന്ധ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണം, ഹൈസ്കൂൾ / ടി.ടി.ഐയിലെ എ.ഇ.ഒ. മാരുടെ / ഹെഡ് മാസ്റ്റർമാരുടെ ട്രാൻസ്ഫർ & പോസ്റ്റിംഗ് സംബന്ധിച്ച കാര്യങ്ങൾ, മൈനോറിറ്റി സ്കോളർഷിപ്പിന്റെ അനുബന്ധ പ്രവർത്തനങ്ങളുടെ മേൽ നോട്ടം, ഓൺ ലൈൻ ടെക്സ്റ്റ് ബുക്ക് ഓർഡറിംഗ്, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ വെബ് സൈറ്റ് ഡെവലപ്പ്മെന്റ്, സ്പാർക്ക് പദ്ധ |

| | | | |
|---|---|---|---|
| | | | തിയുടെ നടത്തിപ്പ് തുടങ്ങിയവയും എസ്. എസ്. എൽ.സി., ഐ.ടി. പരീക്ഷയുടെ നടത്തിപ്പിന്റെ ,സാങ്കേതിക സഹായം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഐ.ടി. @ സ്കൂൾ പ്രോജക്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം **സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 38 — 18/2/2009 -ൽ മറുപടിയ്ക്ക്.

# ജയിൽ നിയമം പരിഷ് കരിക്കുവാൻ നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. വി. സുരേന്ദ്രൻ പിള്ള: — ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). ജയിൽ നിയമം പരിഷ് കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ). ഉണ്ട്. വിശദവിവരം അനുബന്ധം 1 ആയിചേർത്തിരിക്കുന്നു. |
| (ബി). ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി). ഉണ്ട്. ജയിലുകളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വളരെയേറെ പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി ജയിലുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട് . ജയിലുകളിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ സർവൈലൻസ് സിസ്റ്റം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ ജയിലുകളിലും, ജയിൽ ആസ്ഥാന കാര്യാലയത്തിലും കംപ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം റേഡിയോ വാങ്ങി ഉപയോഗിക്കുവാൻ തടവുകാർക്ക് അനുമതി നൽകിയിട്ടുണ്ട്. സെൻട്രൽ ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തടവുകാരുടെ ഉപയോഗത്തിനായി കോയിൻ ബോക്സ് ടെലിഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| (സി). ജയിലുകളിൽ കഴിയുന്നവർക്ക് സ്വയം തൊഴിൽ പരിശീലനം ആരംഭിച്ചുവോ; | (സി). സ്വയംതൊഴിൽ പരിശീലനം നൽകിവരുന്നു. |

| | |
|---|---|
| (ഡി). ഏതൊക്കെ മേഖലയിലാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ; | (ഡി). വനിതാ തടവുകാർക്ക് ജയിലിനുള്ളിൽ തയ്യൽ , എംബ്രോയിഡറി, വീവിംഗ് , ബുക്ക് ബയന്റിംഗ്, പേപ്പർ കവർ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി വരുന്നു. സെൻട്രൽ ജയിലുകളിലെ പുരുഷ തടവുകാർക്ക് മരപ്പണി, കൊല്ലപ്പണി, സോപ്പ് നിർമ്മാണം, തുണി നെയ്ത്ത്, തയ്യൽ എന്നിവയിൽ പരിശീലനം നൽകിവരുന്നു. തടവുകാർക്ക് കായികവിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകിവരുന്നു. കൂടാതെ തടവുകാർക്ക് വെട്ടുകല്ല് നിർമ്മാണം , ഡയറിഫാം , ഗോട്ട്ഫാം, തേനീച്ച വളർത്തൽ , റബ്ബർ ടാപ്പിംഗ്, റബ്ബർ ഷീറ്റ് ഉൽപാദനം , കെട്ടിടനിർമ്മാണം, കംപ്യൂട്ടർ പരിശീലനം തുടങ്ങിയ രംഗങ്ങളിൽ പരിശീലനം നൽകിവരുന്നു. വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഇ). ജയിലുകളിൽ ജോലി ചെയ്തിരുന്ന തടവുകാരുടെ കൂലി എത്ര രൂപയായിരുന്നു; ഈ ഗവൺമെന്റ് കൂലി വർദ്ധിപ്പിച്ചുവോ; ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; | (ഇ). ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 22/8/2007 ലെ ജി.ഒ (എം.എസ്) നംപർ 144 /2007 /ആഭ്യന്തരം ഉത്തരവ് പ്രകാരം തടവുകാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ വേതന നിരക്ക് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (എഫ്). ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർ വീണ്ടും കുറ്റവാളികളാകാതിരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br>(ജി). എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | (എഫ്) ഉം (ജി) യും .<br>ശിക്ഷ ഇളവ് കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊബേഷൻ ആഫീസറുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ പ്രൊബേഷൻ ആഫീസർ ടിയാളുമായി നിരന്തര ബന്ധം പുലർത്തുകയും കുടുംബത്തിലും സമൂഹത്തിലും പുനരധിവസിപ്പിക്കുന്നതിനും മാന്യമായ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനു സഹായിക്കുന്നു. സ്വയംതൊഴിൽ ചെയ്യുന്നതിനായി പതിനായിരം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 39

18.02.2009 - ൽ മറുപടിയ്ക്ക്

# വായ്പാ കുടിശ്ശികക്കാരെ സഹായിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശികക്കാരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) വായ്പാ കുടിശ്ശികക്കാരെ സഹായിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) "സഹകരണ നവരത്നം കേരളീയം" പദ്ധതിയിൻ കീഴിൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വായ്പാ വിതരണം ചെയ്യുന്ന പ്രാഥമിക സഹകരണസംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും, അപ്പക്സ് സഹകരണ ബാങ്കുകളും 2009 ഫെബ്രുവരി മാസം വായ്പാ കുടിശ്ശിക നിവാരണ മാസമായി ആചരിക്കുന്നു. ഇതിനായി ആവിഷ്ക്കരിച്ച് തുടർച്ചയായി രണ്ടാം വർഷവും നടപ്പിലാക്കുന്ന സഹകരണ നവരത്നം കേരളീയം - കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം" പദ്ധതി 2009 ഫെബ്രുവരി മാസത്തിൽ നടപ്പിലാക്കി വരുന്നു. കുടിശ്ശികയായ വായ്പ മൊത്തമായും ഭാഗികമായും തിരിച്ചടയ്ക്കുന്ന വായ്പക്കാർക്ക് ഇളവാനുകൂല്യം സഹിതം വായ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി പരമാവധി പിരിച്ചെടുക്കുന്നതിനും വായ്പ എടുത്ത് ദീർഘകാലമായി കുടിശ്ശികയായ വായ്പക്കാരന് വായ്പക്കണക്ക് തീർക്കുന്നതിനുള്ള അവസരവും ലഭിക്കുന്നു. |

(ii) ഈ പദ്ധതി കാലയളവിൽ കുടിശ്ശികയായ വായ്പ തീർപ്പാക്കുന്നവർ പിഴപലിശയോ മറ്റ് ചെലവുകളോ അടക്കേണ്ടതില്ല.

(iii) ആർബിട്രേഷൻ/എക്സിക്യൂഷൻ ആയ കേസുകളിൽ സഹകരണസംഘം കേസു നടത്തിപ്പിനായി സർക്കാരിലേക്ക് ഒടുക്കിയ ആർബിട്രേഷൻ ഫീസ്/ എക്സിക്യൂഷൻ ഫീസ് മാത്രം നൽകിയാൽ മതിയാകും.

(iv) വായ്പാക്കാരെ രണ്ടു തട്ടുകളായി തരം തിരിച്ചാണ് ആനുകൂല്യം നൽകുന്നത്. 5ലക്ഷം രൂപാവരെയുള്ള വായ്പകളും, 5 ലക്ഷത്തിന് മുകളിലുള്ള വായ്പകളും.

(v) അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാക്കാലയളവിലുള്ള അതാതു കാലംസ്ഥിരംനിക്ഷേപങ്ങൾക്ക് അനുവദിച്ച് നൽകിയ നിരക്കിലുള്ള പലിശയും അപ്രകാരം കണക്കാക്കിയ ആകെപലിശയുടെ 10% ഭരണചെലവും നൽകിയാൽമതിയാകും. ഇതുകൂടാതെ, ഒരുലക്ഷംവരെയുള്ള വായ്പകൾക്ക് മേൽപറഞ്ഞപ്രകാരം കണക്കാക്കിയ പലിശതുകയുടെ4%വുംഒരുലക്ഷത്തിന് മേൽ 5 ലക്ഷംരൂപവരെയുള്ള വായ്പകൾക്ക് പലിശതുകയുടെ 2%വും പ്രത്യേക ഇളവായി അനുവദിച്ചു നൽകും. എന്നാൽ യാതൊരു കാരണവശാലും പലിശമുതലിനേക്കാൾ അധികരിക്കാൻ പാടുള്ളതല്ല.

(vi) അഞ്ചുലക്ഷത്തിനും മുകളിലുള്ള വായ്പകൾക്ക് മുതലും മുതലിന് തുല്യം പലിശയും പലിശയുടെ 50% ഭരണചെലവും കൂടി ചേർത്തുള്ള തുകയോ അല്ലെങ്കിൽ വായ്പ കാലയളവിൽ വായ്പ തുകക്ക് സമാനമായ കാലപരിധിയിൽ സ്ഥിരനിക്ഷേപ തുകക്ക് നൽകുന്ന →

പലിശനിരക്കിന്റെ അടിസ്ഥാനത്തിൽ
പലിശതുകയും
ആ പലിശയുടെ 10% ഭരണചെലവും
കൂടിയുള്ള തുക കണക്കാക്കി താരത
മ്യപ്പെടുത്തി കുറഞ്ഞതുക അടച്ചാൽ
മതിയാകും.

(vii) വായ്പാ കാലാവധി കഴിയാത്തതും എന്നാൽ തവണകുടിശ്ശിക വന്നതുമായ വായ്പകളിലെ കുടിശ്ശികതുക മൊത്തമായി നിലവിലുള്ള പലിശനിരക്കിൽ പിഴപ്പലിശ ഒഴിവാക്കി അടച്ചുതീർക്കുന്നതിന് അവസരം നൽകുന്നതാണ്. പിന്നീടുള്ള തവണകൾ ബോണ്ട്/കരാർ വ്യവസ്ഥപ്രകാരം വായ്പാ കാലാവധിക്കുള്ളിൽ അടച്ചുതീർക്കേണ്ടതാണ്. ഇപ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പകൾക്ക് പിന്നീട് കുടിശ്ശികവരുത്തിയാൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല. 2008 ൽ നടന്ന ശതശതമാനം പരിപാടിയിൽ ഇപ്രകാരം വായ്പാകാലവധി കഴിയാത്തതും എന്നാൽ തവണകൾ കുടിശ്ശിക അടച്ച് വായ്പകളെ 2009 ലെ പദ്ധതികളിൽ പരിഗണിക്കുന്നതല്ല.

(viii) വായ്പകരാർ വ്യവസ്ഥ പൂർണ്ണമായി പാലിച്ചുകൊണ്ട് തവണതുക കൃത്യമായി തിരിച്ചടക്കുന്ന വായ്പക്കാരന് വായ്പകണക്ക് അവസാനിപ്പിക്കുമ്പോൾ ആകെ അടച്ച പലിശ തുകയുടെ 7% ഇളവ് അനുവദിച്ച് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സർക്കാരും സഹകരണ വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ആവശ്യമായ പ്രചാരണം താഴെ തട്ടിൽ ലഭിക്കുതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(ബി) സഹകരണ വകുപ്പിൽ നിന്നും ഇളവുകൾ നൽകേണ്ട മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ച സർക്കുലറുകൾ താലൂക്ക് തലത്തിലുള്ള ഉദ്യോഗസ്ഥർക്കും സഹകരണ സ്ഥാപനങ്ങൾക്കും പദ്ധതി തുടങ്ങുന്നതിനുമുമ്പ് തന്നെ എത്തിച്ചിട്ടുണ്ട്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനുവേണ്ടി സഹക

ക്ഷണസംഘം താലൂക്ക്, ജില്ല,സംസ്ഥാനതല കമ്മിറ്റികൾ രൂപീകരിച്ച് എല്ലാ വെള്ളിയാഴ്ചയുംപുരോഗതിവിലയിരുത്തുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പത്രവിതരണക്കാരുടെ സഹായത്തോടെ ബിറ്റ് നോട്ടീസുകൾ, ഉച്ചഭാഷിണി സംഘങ്ങളുടെമുമ്പിലും മറ്റ് പ്രധാനകേന്ദ്രങ്ങളിലും നോട്ടീസ് ബോർഡുകൾ എഴുതിവച്ചും എഫ്.എം.റേഡിയോ വഴിയുള്ള പരസ്യങ്ങൾ നൽകിയും കുടിശ്ശികക്കാരുടെ ഭവനങ്ങളിൽ പ്രത്യേകം സ്ക്വാഡുകൾ നടത്തുന്ന സന്ദർശനം മുതലായവ ഇതിൽഉൾപ്പെടുന്നു. പദ്ധതികാലയളവിൽ സംഘങ്ങൾ,താലൂക്ക് ജില്ലാതല കേസ് അദാലത്തുകൾനടത്തി കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :40

18-2-2009-ൽ മറുപടിയ്ക്ക്

ട്ടൂറിസം വികസനം

ചോദ്യം

ഉത്തരം

പ്രൊഫ.എൻ.ജയരാജ് :
ശ്രീ.തോമസ് ഉണ്ണിയാടൻ :
ശ്രീ.സി.എഫ്.തോമസ് :

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ആഗോള സാമ്പത്തിക പ്രതിസന്ധി കേരളത്തിലെ ട്ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട് . |
| (സി) സംസ്ഥാന ട്ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) സംസ്ഥാന ട്ടൂറിസം വികസനത്തിന് നിരവധി പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. ട്ടൂറിസം മേഖലയിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി ഒരു വർക്കിംഗ് ഗ്രൂപ്പിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.<br>2. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസ്റ്റുകളുടെ വരവ് |

വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി കേരള ടൂറിസം നടത്തുന്ന പ്രത്യേക പരിപാടിയാണ് 'വിസിറ്റ് കേരള 2009 '. പ്രത്യേക പാക്കേജുകളിലൂടെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്ന ഈ പ്രത്യേക പരിപാടി ഏപ്രിൽ മുതൽ ഭാരതത്തിലെ വിവിധ വിപണികളിൽ ആരംഭിക്കും.

3. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര ടൂറിസം പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വൻനഗരങ്ങളോടൊപ്പം രണ്ടാം നിര നഗരങ്ങളിലും പ്രചാരണ പരിപാടികളും 'റോഡ് ഷോ'കളും നടത്താൻ ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഇന്ത്യയിലെ കൂടുതൽ നഗരങ്ങളിൽ ടൂറിസം വകുപ്പ് റോഡ് ഷോയും കൺസ്യൂമർ ഫെയറുകളും സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

ടൂറിസം വികസനത്തിന്റെ ഭാഗമായി കെ.റ്റി.ഡി.സി. യുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. കൊച്ചിയിലെ മെറീന പദ്ധതി 2009 നവംബർ മാസം ഒന്നാം ഘട്ടം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
2. മൂന്നാറിലെ ടീ കൗണ്ടി ഹോട്ടൽ വിപുലീകരണ പദ്ധതി ഒരു വർഷ

ത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്

3. ചെന്നൈയിലെ കേരള ഹൗസിന്റെ നിർമ്മാണം നടന്നു വരികയാണ്.

ഇതിനു പുറമെ നിലവിലുള്ള യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും കെ.ടി.ഡി.സി. കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 41

18-2-2009- ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന മാനദണ്ഡം

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീമതി .കെ.കെ. ലതിക
ശ്രീ.രാജു എബ്രഹാം
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

**ഉത്തരം**

ശ്രീ. എം.എ. ബേബി
(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഈ വർഷം എന്തെങ്കിലും പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ

(എ) ഉണ്ട്. ബി.എസ്.സി (നഴ്സിംഗ്) ബി.ഫാം. ബി.എസ്.സി (എം.എൽ.റ്റി), ബി.പി.റ്റി എന്നീ കോഴ്സുകളെ ഈ വർഷം മുതൽ പൊതുപ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) വിവിധ വിഭാഗങ്ങൾക്കുള്ള സംവരണ ക്രമം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ബി)

| | |
|---|---|
| 1. സ്റ്റേറ്റ് മെരിറ്റ് | -64% |
| 2. സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്നവർ (SEBC) | - 26 % |
| (i) ഈഴവ | - 9% |
| (ii)മുസ്ലീം | - 8% |
| (iii) മറ്റ് പിന്നോക്ക ഹിന്ദു | - 5% |
| (iv) ആംഗ്ലോ ഇന്ത്യനിൽപ്പെടാത്ത ലത്തീൻ കത്തോലിക്ക | - 2% |
| (v) മറ്റ് പിന്നോക്ക ക്രിസ്ത്യൻ | - 1% |
| (vi) കുടുംബി | - 1% |
| 3. പട്ടികജാതി/പട്ടികവർഗ്ഗം | - 10% |
| (i) പട്ടികജാതി | - 8% |
| (ii) പട്ടികവർഗ്ഗം | - 2% |

| | | | |
|---|---|---|---|
| (സി) | സംവരണ സമുദായക്കാരിൽ മുതിർന്ന റാങ്കുകാരെ മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുമോ ; | (സി) | ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. |
| (ഡി) | പിന്നോക്ക ജാതിയിൽപ്പെട്ട മിശ്ര വിവാഹിതരുടെ കുട്ടികൾക്ക് കുടുംബ വരുമാന പരിധി ബാധകമാണോ ; | (ഡി) | വരുമാന പരിധി ബാധകമല്ല. |
| (ഇ) | സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിന് സ്വീകരിക്കുന്ന നടപടി ക്രമം വ്യക്തമാക്കുമോ ? | (ഇ) | സ്വകാര്യ സ്വാശ്രയ മാനേജ്മെന്റു കളുമായി ഏർപ്പെടുന്ന ഉഭയസമ്മത കരാറിന്റെ അടിസ്ഥാനത്തി ലായിരിക്കും പ്രവേശന നടപടി ക്രമം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 42

18.2.2009 - ൽ മറുപടിക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. യൂസഫ് :<br>ശ്രീ. കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീ.എ. സി. മൊയ്തീൻ :<br>ശ്രീ. കെ. കെ. ദിവാകരൻ :<br>ശ്രീമതി. ജെ. അരുന്ധതി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇതിനായി പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പോലീസുദ്യോഗസ്ഥർക്ക് ആവശ്യമായ ശാസ്ത്രീയ പരിശീലനം നൽകുക, ഫോറൻസിക് വിദഗ്ധർ, വിരലടയാള വിദഗ്ധർ എന്നിവരുടെയും ഡോഗ് സ്ക്വാഡിന്റെയും സേവനം കേസന്വേഷണത്തിൽ ലഭ്യമാക്കുക, പോളീഗ്രാഫ്, നാർക്കോ അനാലിസിസ്, ഡി. എൻ. എ. സാംബ്ലിംങ്ങ് തുടങ്ങിയ നൂതന ശാസ്ത്ര വിദ്യകൾ കുറ്റാന്വേഷണത്തിൽ ഉപയോഗിക്കുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി)ഫോറൻസിക് ലാബ് നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) ഫോറൻസിക് ലാബ് നവീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ കൊച്ചിയിലും, റീജിയണൽ ഫോറൻസിക് ലബോറട്ടറി തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | ലാബ് നവീകരണത്തിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ M O P F, F C A എന്നിവയിലെ തുകകൾ ഉപയോഗിച്ച് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ഫോറൻസിക് ലാബിൽ പുതിയതായി പോളിഗ്രാഫ്, ഡി. എൻ. എ., സൈബർ ലാബ് എന്നീ സംവിധാനങ്ങളും പൂർണ്ണമായ രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്.<br><br>17 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് ലാബിന്റെ സേവനം കുറ്റാന്വേഷണത്തിനായി അന്വേഷണ ഉദ്യോഗസ്ഥൻമാർ ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (സി) പോലീസ് വകുപ്പിലെ സൈബർ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (സി) & (ഡി) ഉണ്ട്.<br>സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതി കൈകാര്യം ചെയ്യുന്നതിന് ഈ സെല്ലിന് കഴിയുന്നുണ്ട്. |
| (ഡി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഈ സെല്ലിന് കഴിയുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ; | |
| (ഇ) സൈബർ സെൽ രൂപീകരിച്ചതിനു ശേഷം സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്നു വിശദമാക്കുമോ ? | (ഇ) 2097 പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

—— ——

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 43 — 18-02-2009-ൽ മറുപടിയ്ക്ക്

## ദേശീയ സ്കൂൾ കായിക മേളയിൽ കേരളം കൈവരിച്ച നേട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.എം.എം. മോനായി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ. സാജു പോൾ | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ ദേശീയ സ്കൂൾ കായിക മേളയിൽ കേരളം കൈവരിച്ച നേട്ടം വ്യക്തമാക്കുമോ ; | എ) 54-ാ മതു ദേശീയ സ്കൂൾ ഗെയിംസിൽ ആതിഥേയരായ കേരളം തുടർച്ചയായി 12-ാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. മൊത്തം 47 സ്വർണ്ണം, 21 വെള്ളി, 23 വെങ്കലം എന്നിവ കേരളത്തിലെ കുട്ടികൾ നേടുകയുണ്ടായി. |
| ബി) കേരളത്തിലെ കുട്ടികൾ കൈവരിച്ച വിജയം നിലനിർത്തുന്നതിനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ചിട്ടയായ പ്രവർത്തനം മൂലമാണ് നിലവിലുള്ള നേട്ടങ്ങൾ കൈവരിയ്ക്കാൻ സാധിച്ചത്. പ്രത്യേകിച്ച് പുതിയ പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല. നിലവിൽ നടത്തി വരുന്ന പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സ്കൂളുകളിലും സ്പോർട്സ് ഹോസ്റ്റലുകളിലും കുട്ടികൾക്ക് മെച്ചപ്പെട്ട ശാസ്ത്രീയ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു സ്പോർട്സ് സ്കൂളും (ജി.വി.രാജാ സ്കൂൾ തിരുവനന്തപുരം) ഒരു സ്പോർട്സ് ഡിവിഷനുമാണ് (കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂൾ) നിലവിലുള്ളത്. |

ഈ സ്കൂളുകളിലെയും അവയിലെ ഹോസ്റ്റലുകളിലെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു. സ്കൂൾ കുട്ടികൾക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാൻ വിദഗ്ധ കോച്ചുകളുടെ സേവനം സ്പോർട്സ് കൗൺസിലിൽ നിന്നും സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്ക് സർക്കാർ എന്തെല്ലാം പ്രത്യേക പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും നൽകി എന്ന് വ്യക്തമാക്കുമോ ?

ഡി) ദേശീയ സ്കൂൾ ഗെയിംസിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന വിജയികൾക്ക് യഥാക്രമം 5000, 4000, 3000 രൂപ കാഷ് അവാർഡ് എല്ലാവർഷവും നൽകുന്നുണ്ട്. കാഷ് അവാർഡ് തുക വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 44* — 18.2.2009 ൽ മറുപടിക്ക്

### സംസ്ഥാനത്തെ റോഡ് പണികളും നടപ്പാതകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് പണികളുടെ മുൻഗണനാക്രമം സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ റോഡ്പണികളെ സംബന്ധിച്ച് ഔപചാരികമായി ഒരു മുൻഗണനാക്രമം നിലവിലില്ല. എന്നാൽ റോഡുകൾ കടന്നുപോകുന്ന സ്ഥലത്തിന്റെ പ്രാധാന്യവും ഗതാഗത തോതും റോഡിന്റെ തരംതിരിവും അനുസരിച്ച് ചില റോഡുകൾക്ക് മുൻഗണന നൽകാറുണ്ട്. |
| (ബി) റോഡ് പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) റോഡ് പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടെൻഡറുകൾ വിളിച്ച് ഗുണമേന്മ ഉറപ്പ്വരുത്തി റോഡ്പണികൾ ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) റോഡുകളിലെ നടപ്പാതയുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) നടപ്പാതകളിലെ പൊട്ടിപ്പൊളിഞ്ഞ സ്ളാബുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) സംസ്ഥാനത്തെ റോഡുകളിലെ പൊട്ടിപ്പൊളിഞ്ഞ സ്ളാബുകൾ മാറ്റുന്നതിനും പുതിയ ഫുട്പാത്തുകൾ നിർമ്മിക്കുന്നതിനും വേണ്ടി PWD ജില്ലാടിസ്ഥാനത്തിൽ നടത്തിയ പരിശോധനയുടെ വെളിച്ചത്തിൽ 31.72 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) ഈ പണികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇതിനായി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

അണ്ടർ സെക്രട്ടറി

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 45 — 18.02.2009 -ൽ മറുപടിക്ക്.

### ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും എന്തെല്ലാമാണ് ; | (എ) ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഗ്രന്ഥശാലാ കൗൺസിൽ നിർദ്ദേശിക്കുന്ന പുസ്തകങ്ങളല്ലാതെ ഗ്രന്ഥശാലകൾക്ക് സ്വന്തമായി പുസ്തകം വാങ്ങിക്കുന്നതിനുള്ള അധികാരമുണ്ടോ ; | (ബി) ഉണ്ട്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രന്ഥശാലകളിൽ പുസ്തകം വാങ്ങുന്നതിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടില്ല. ഗ്രന്ഥശാലാ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഗ്രന്ഥശാലകളിൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. |

( ...... 2)

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (സി) | ബാധകമല്ല. |
| (ഡി) | ഗ്രന്ഥശാല കൗൺസിൽ നിർദ്ദേശിച്ച പുസ്തകങ്ങൾ വാങ്ങാത്ത ലൈബ്രറികൾക്ക് തുടർന്നുള്ള വർഷങ്ങളിൽ ഗ്രാന്റ് നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (ഡി) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഗ്രന്ഥശാലകളിൽ പുസ്തകം വാങ്ങുന്നത് സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ ഗ്രഡേഷൻ മാനദണ്ഡങ്ങൾ പാലിച്ച് ഗ്രഡേഷനിൽ പങ്കെടുത്ത് ഗ്രാന്റ് വിനിയോഗം ബോധ്യപ്പെടുത്തുന്ന ലൈബ്രറികൾക്ക് ഗ്രാന്റ് നൽകി വരുന്നു. |
| ( ഇ ) | ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി എത്ര ഗ്രന്ഥശാലകൾക്ക് ഗ്രന്ഥശാലാ കൗൺസിൽ ഗ്രാന്റ് നൽകാതെയുണ്ട് ; | ( ഇ ) | 2007-2008 വർഷത്തിൽ 4942 ലൈബ്രറികളെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 247 ലൈബ്രറികൾക്ക് ഗ്രാന്റ് അനുവദിച്ചില്ല. 2008-2009 വർഷം 5067 ലൈബ്രറികളെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 178 ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടില്ല. ഇതിൽ 2 വർഷം തുടർച്ചയായി ഗ്രാന്റ് അനുവദിക്കാത്ത ഗ്രന്ഥശാലയും പെടുന്നു. മുൻവർഷങ്ങളിലെ ഗ്രാന്റ് വിനിയോഗം ബോദ്ധ്യപ്പെടുത്താത്തതും, ഗ്രഡേഷൻ കമ്മിറ്റിയുടെ സന്ദർശന |

( .....3)

സമയത്ത് പ്രവർത്തനം നടത്തുന്നില്ല എന്ന് ബോധ്യപ്പെട്ടതുമായ ലൈബ്രറികൾക്കാണ് ഗ്രാന്റ് അനുവദിക്കാതിരുന്നത്.

(എഫ്) ഇവയ്ക്ക് ഗ്രാന്റ് നൽകാത്തതെ ന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

(എഫ്) പ്രവർത്തനമില്ലാത്തതിനാൽ

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 46 18.02.2009- ൽ മറുപടിക്ക്.

കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിലോത്തമൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. അജിത്<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് റിവ്യൂ നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനങ്ങൾ ഫലപ്രദവും ഗുണകരവുമാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | : (എ) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പ്രവർത്തനം റിവ്യൂ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഫലപ്രദവും ഗുണകരവുമാണ്. |
| (ബി) ഈ സംരംഭം വ്യാപിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ; | : (ബി) **ഉണ്ട്.** കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) പോലീസ് സേനയിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിന് ഈ പദ്ധതി ഉപകരിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അതിനനുയോജ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിന് ഈ പദ്ധതി ഉപകരിക്കുമെന്ന് കരുതുന്നു. അതിനനുയോജ്യമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 47 — 18-2-2009- ൽ മറുപടിയ്ക്ക്

## എൻട്രൻസ് പരിഷ്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ് | | ശ്രീ. എം.എ. ബേബി (ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയ്ക്ക് ലഭിച്ച മാർക്കിനു പുറമേ യോഗ്യതാ പരീക്ഷയുടെ മാർക്ക് കൂടി ചേർത്ത് പ്രവേശനം നൽകുന്ന പദ്ധതി നടപ്പിൽ വരുത്തുമോ ; | (എ) (ബി) | എൻട്രൻസ് പരിഷ്കരണ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. ഈ നിർദ്ദേശങ്ങൾകൂടി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |
| (ബി) തുല്യമാർക്ക് വന്നാൽ അനുബന്ധ വിഷയങ്ങൾക്ക് ലഭിച്ച മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ ; | | |
| (സി) പ്രവേശന പരീക്ഷയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിന് അപേക്ഷകർക്ക് അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) | സമയബന്ധിതമായി പരീക്ഷയും അലോട്ട്മെന്റും അഡ്മിഷനും നടത്തേണ്ടതിനാൽ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 48 — 18-2-2009- ൽ മറുപടിയ്ക്ക്

## സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹീം കുഞ്ഞ്<br>ശ്രീ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

(എ) വരുന്ന അദ്ധ്യയന വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് മാനേജ്മെന്റുകളുമായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള ധാരണയോ കരാറോ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ:

(എ) ഇല്ല

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് മെരിറ്റ്, സംവരണം എന്നിവ സംബന്ധിച്ച നിലവിലെ സ്ഥിതി എപ്രകാരമാണ് ;

(ബി)

| | |
|---|---|
| 1. സ്റ്റേറ്റ് മെരിറ്റ് | -64% |
| 2. സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്നവർ | - 26 % |
| (i) ഈഴവ | - 9% |
| (ii)മുസ്ലീം | - 8% |
| (iii) മറ്റ് പിന്നോക്ക ഹിന്ദു | - 5% |
| (iv) ആംഗ്ലോ ഇന്ത്യനിൽപ്പെടാത്ത ലത്തീൻ കത്തോലിക്ക | - 2% |
| (v) മറ്റ് പിന്നോക്ക ക്രിസ്ത്യൻ | - 1% |
| (vi) കുടുംബി | - 1% |
| 3. പട്ടികജാതി/പട്ടികവർഗ്ഗം | - 10% |
| (i) പട്ടികജാതി | - 8% |
| (ii) പട്ടികവർഗ്ഗം | - 2% |

| | | | |
|---|---|---|---|
| (സി) | സർക്കാരുമായിധാരണയിലെത്താത്ത സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെരിറ്റ്/ സംവരണം സംബന്ധിച്ച പ്രവേശന വ്യവസ്ഥകൾ എന്തെല്ലാം ആണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | സർക്കാരുമായി ധാരണയിലെത്താത്ത സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം മെരിറ്റടിസ്ഥാന ത്തിലാ യിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നു. |
| (ഡി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ചുള്ള അനിശ്ചിതത്വവും ആശങ്കകളും ശാശ്വതമായി പരിഹരിക്കുന്നതിന് അടുത്ത അദ്ധ്യയനവർഷം ആരംഭിക്കു ന്നതിനു മുൻപുതന്നെ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് അനിശ്ചിതത്വം നിലനില്ക്കുന്നില്ല. പ്രവേശനം സംബന്ധിച്ച് നിലവിലുള്ള കോടതി ഉത്തരവുകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -49 18.2.2009 ൽ മറുപടിക്ക്**

**ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടി**

<u>ചോദ്യം</u>

ശ്രീ തോമസ് ഉണ്ണിയാടൻ.
" സി. എഫ് തോമസ്:
" പ്രൊഫ. എൻ. ജയരാജ്:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ്.

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് ഇപ്രകാരം ഏറ്റെടുക്കുന്നത്;

(സി) ഗ്രാമീണ റോഡുകൾ പി.ഡബ്ളിയൂ.ഡി. ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ശ്രീ. മോൻസ് ജോസഫ്
(മരാമത്തുവകുപ്പു മന്ത്രി)

(എ),(ബി) &(സി) നിയമസഭാ സബ്ജക്ട് കമ്മിറ്റിയും ബഹുമാനപ്പെട്ട *മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വികസന കൗൺസിലും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും എം.എൽ.എ മാർ നിയമസഭയിൽ ഉന്നയിച്ച ആവശ്യം കണക്കിലെടുത്തുമാണ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച* നടപടികൾ ആരംഭിച്ചത്. പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ നേരത്തെ ഉണ്ടായിരുന്നതും, എം.എൽ.എ മാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ വിവിധ റോഡുകളും, ഓരോ ജില്ലയിലേയും ഗതാഗത പ്രാധാന്യമുള്ളതും ജനങ്ങൾക്ക് ഏറ്റവും അത്യന്താപേക്ഷിതവുമായ പ്രധാനപ്പെട്ട റോഡുകളും പൊതു മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.50 — 18.2.09-ന് മറുപടിക്ക്

ബി.ഒ.ടി അടിസ്ഥാനത്തിലുള്ള ദേശീയപാതകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹിദ് :<br>ശ്രീ. കെ.ബാബു :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാതയിൽ എത്ര കിലോമീറ്ററിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ ഇപ്പോൾ പണി നടക്കുന്നുണ്ട് ; | (എ) എൻ.എച്ച് 47-ലെ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള 40 കി.മീ ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) എന്തെല്ലാം വ്യവസ്ഥകളനുസരിച്ചാണ് ഇപ്പോൾ ദേശീയപാതയിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ പണി നടക്കുന്നത് ; | (ബി) ദേശീയപാതയിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ പണി നടത്തുന്നത് താഴെ പറയുന്ന വ്യവസ്ഥകളനുസരിച്ചാണ്.<br>(1) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത കാലാവധിയിലേയ്ക്ക് ടോൾ പിരിച്ചാണ് നടപ്പിലാക്കുന്നത്.<br>(2) ഈ കാലയളവിൽ ഇതിന് സമാന്തരമായി സ്റ്റേറ്റ് ഗവൺമെന്റ് പുതിയ റോഡുകൾ പണിയുവാനോ നിലവിലുള്ള റോഡുകൾ വികസിപ്പിക്കുവാനോ പാടില്ല.<br>(3) ടി റോഡിന് സമാന്തരമായി ബി.ഒ.ടി വ്യവസ്ഥയിൽ സ്റ്റേറ്റ് ഗവൺമെന്റ് മറ്റൊരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ടി റോഡിന്റെ ടോൾ ദേശീയപാതയിൽ നിശ്ചയിച്ചിരിക്കുന്ന ടോളിനേക്കാൾ 25% എങ്കിലും അധികമായിരിക്കണം.<br>(4) ടി ദേശീയപാതകളിൽ നിശ്ചയിച്ചിരിക്കുന്ന ടോൾ തുകയ്ക്കു പുറമെ സംസ്ഥാനഗവൺമെന്റിന്റെ യാതൊരു വിധ ടോൾ, ഫീസ്, ടാക്സ് എന്നിവ പിരിക്കുവാൻ പാടുള്ളതല്ല. |
| (സി) ബി.ഒ.ടി അടിസ്ഥാനത്തിൽ ഇപ്പോൾ നടക്കുന്ന ദേശീയപാതകളുടെ പണി പൂർത്തിയാകുമ്പോൾ വിവിധ വാഹനങ്ങൾക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന ടോൾ നിരക്കെത്രയാണ് ; | (സി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ കീഴിൽ എൻ.എച്ച്.എ.ഐ കാലാനുസൃതമായി നിശ്ചയിക്കുന്ന അടിസ്ഥാന നിരക്കുകൾക്ക് അനുസൃതമായിട്ടാണ് ടോൾ നിരക്ക് നിശ്ചയിക്കപ്പെടുന്നത് |

— —

| | | | |
|---|---|---|---|
| (ഡി) | ദേശീയ പാതയൊഴിച്ച് മറ്റേതെങ്കിലും പാതകളുടെ പണി ഇപ്പോൾ ബി.ഒ.ടി അടിസ്ഥാനത്തിൽ നടക്കുന്നുണ്ടോ ; | (ഡി) & (ഇ) | ഇല്ല |
| (ഇ) | ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 51 18/02/2009-ൽ മറുപടിക്ക്

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി.ടി.അഹമ്മദ് അലി :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു.സി. രാമൻ :
ശ്രീ. പി.കെ. അബ്ദുറബ്ബ്

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ന്യൂനപക്ഷ പിന്നോക്ക വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പ്രത്യേകം പദ്ധതികൾ തുടങ്ങുന്നതിനോ പ്രത്യേകം ഫണ്ടു വിനിയോഗിക്കുന്നതിനോ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം എസ്.എസ്.എ.യിൽ നിന്ന് ലഭിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) | പ്രസ്തുത വിഭാഗം വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും പത്തു ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത വിഭാഗങ്ങൾക്കായി എസ്.എസ്. എ. പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയിട്ടുണ്ടോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷ പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിലേക്കായി എസ്.എസ്.എ. പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • ക്രഷുകൾ സ്ഥാപിക്കൽ<br>• പഠനസാമഗ്രികൾ വികസിപ്പിക്കൽ, വിതരണം ചെയ്യൽ<br>• പഠനവീട് (പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിപാടികൾ)<br>• എല്ലാ കുട്ടികൾക്കും വിദ്യാലയത്തിലെ പൊതുപ്രവർത്തനത്തിൽ പങ്കാളിത്തവും നേതൃത്വവും വഹിക്കാനവസരമൊരുക്കൽ<br>• സ്കൂൾ പരസ്പര സഹായ പഠന സംഘങ്ങൾ രൂപീകരിക്കൽ<br>• അയൽക്കൂട്ട രക്ഷാകർതൃ സംഗമം-പ്രാദേശികമായി ന്യൂനപക്ഷ മേഖലകളിൽ സ്കൂളിന്റെ നേതൃത്വത്തിൽ രക്ഷാകർതൃ സംഗമങ്ങൾ ചേരുന്നു. പൊതു കാര്യങ്ങളും ക്ലാസ് തല വിഷയ പഠന കാര്യങ്ങളും ചർച്ച ചെയ്യുന്നു. പരിഹാരം കണ്ടെത്തുന്നു.<br>• അമ്മമാർക്ക് കൗൺസലിംഗ്, തൊഴിൽ പരിശീലനങ്ങൾ, ശുചിത്വ- ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ<br>• പഠനോപകരണങ്ങളുടെ വിതരണം<br>• പഠന പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ പ്രത്യേക പരിപാടി |
| ഡി) | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 52 — 18/2/2009 – ൽ മറുപടിക്ക്

## ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) തീവ്രവാദികളെ നേരിടുന്നതിനായി പോലീസ് സേനയിൽ സൈനിക പരിശീലനമുള്ള സായുധ കമാൻഡോകൾ ഉൾപ്പെടുന്ന " ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ " രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) തീവ്രവാദികളെ നേരിടുന്നതിനായി പോലീസ് സേനയിൽ സൈനിക പരിശീലനമുള്ള സായുധ കമാണ്ടോകൾ ഉൾപ്പെടുന്ന ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) " ഇൻഡ്യ റിസർവ്വ് ബറ്റാലിയനിൽ " എത്ര പോലീസുകാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) ആകെ 1007 അംഗസംഖ്യയുള്ള ബറ്റാലിയനാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്യുന്നവരുടെ പരിശീലന പരിപാടി കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) പോലീസ് സേനയുടെ കാര്യക്ഷമത മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പരിശീലന പരിപാടി പരിഷ്കരിക്കുമ്പോൾ ഈ വിഷയം ഉൾപ്പെടുത്തുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 53 18.02.2009 ൽ മറുപടിയ്ക്ക്

### ഭീകരപ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. പി.ജയരാജൻ<br>ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| (എ) കാശ്മീർ ഏററുമുട്ടലിൽ കൊല്ലപ്പെട്ട തീവ്രവാദികളിൽ മലയാളികൾ ഉണ്ടെന്ന കണ്ടെത്തലിനെ തുടർന്ന് സംസ്ഥാനത്തു നടത്തിയ അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കാശ്മീർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട തീവ്രവാദികളിൽ മലയാളികൾ ഉണ്ടെന്ന കണ്ടെത്തലിനെ തുടർന്ന് ഡി.ഐ.ജി. ശ്രീ. ടി.കെ.വിനോദ് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തുകയും തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) യുവാക്കളെ ഭീകര സംഘടനയിലേയ്ക്ക് റിക്രൂട്ടുചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; | (ബി) യുവാക്കളെ ഭീകരസംഘടനയിലേയ്ക്ക് റിക്രൂട്ടു ചെയ്യുന്നതുമായി മാത്രം ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |
| (സി) കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്; | (സി) കാശ്മീർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട തീവ്രവാദികളിൽ മലയാളികൾ ഉണ്ടെന്ന കണ്ടെത്തലിനെ തുടർന്ന് 13 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തുനിന്നും കാണാതായവരെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ഡി) ഇവരെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചുവരികയും അന്വേഷണം നടത്തിവരികയും ചെയ്യുന്നു. |

| | |
|---|---|
| (ഇ) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) ഡി.ഐ.ജി. ശ്രീ. ടി.കെ.വിനോദ് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം സമഗ്രമായി അന്വേഷണം നടത്തി വരികയാണ്. കൂടാതെ തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ പോലീസും സംസ്ഥാന ഇന്റലിജൻസ് വിഭാഗവും നിരീക്ഷിച്ചു വരുന്നു. ഇന്റലിജൻസ് വിഭാഗത്തിൽ ആഭ്യന്തര സുരക്ഷയ്ക്കായി ഒരു ഐ.ജി.യുടെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിച്ച് പ്രവർത്തനം കഴിഞ്ഞ ഒരു വർഷമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.54 — 18.2.09-ൽ മറുപടിക്ക്

### സംസ്ഥാനത്തെ ദേശീയപാതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ.മോൻസ് ജോസഫ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ദേശീയ പാതകളുണ്ട് ; | (എ) 8 എണ്ണം |
| (ബി) ഇതിൽ ഏതെല്ലാം പൂർണ്ണമായും നാലുവരിപ്പാതയാക്കിയിട്ടുണ്ട് ; | (ബി) പൂർണ്ണമായും നാലുവരിപ്പാതയാക്കിയത് ഒന്നും തന്നെയില്ല. |
| (സി) പൂർണ്ണമായും നാലുവരിപ്പാതയാക്കാൻ കഴിയാത്ത നാഷണൽ ഹൈവേകളിൽ ഏതെല്ലാം ഭാഗികമായി നാലുവരിപ്പാതയാക്കി എന്ന് അറിയിക്കുമോ ; | (സി) എൻ.എച്ച് 47 മാത്രം ഭാഗികമായി നാലുവരിപ്പാതയാക്കിയിട്ടുണ്ട്. |
| (ഡി) അവയുടെ ബാക്കി ഭാഗം നാലുവരിപ്പാതയാക്കാത്തതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ? | (ഡി) എൻ.എച്ച് 47 നാലുവരിപ്പാതയാക്കുന്നതിനായി നാഷണൽ ഹൈവേ ഡവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55 18-02-2009ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്തു വരുത്തേണ്ട പരിഷ്കാരങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. സി.എം. ദിനേശ്മണി:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. വി.ശശികുമാർ:<br>ശ്രീ. പി. വിശ്വൻ: | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തു വരുത്തേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച ഡോ. അനന്തമൂർത്തി കമ്മിറ്റി നൽകിയ ശുപാർശകൾ എന്തെല്ലാമാണ് ; | (എ) | ഡോ.അനന്തമൂർത്തി കമ്മിറ്റി തയ്യാറാക്കിയ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരട് നയരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ശുപാർശകൾ നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) | കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കരട് നയരേഖയിന്മേൽ വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചുവരികയാണ്. |
| (സി) | കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് കോളേജ് സർവ്വീസ് കമ്മീഷൻ രൂപീകരിക്കണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | സർവ്വകലാശാലാ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഉദ്ദേശിക്കുന്നത് ; | (ഡി) | സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാനുള്ള നടപടികൾ ഇപ്പോൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചുവരികയാണ്. |
| (ഇ) | ഉന്നത വിദ്യാഭ്യാസ രംഗത്തു വരുത്തുന്ന മാറ്റങ്ങൾ സംബന്ധിച്ച് പൊതു ചർച്ചക്ക് സർക്കാർ സന്നദ്ധമാകുമോ ? | (ഇ) | സംസ്ഥാന ഉന്നതവിദ്യാഭ്യാസ നയത്തിന്റെ കരട് രേഖയിന്മേൽ ഇപ്പോൾ ഉന്നതവിദ്യാഭ്യാസകൗൺസിൽ വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചു വരികയാണ്. |

Sherly P
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 56    18.02.2009-ൽ മറുപടിക്ക്.

ഭീകരാക്രമണങ്ങളെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഭീകരാക്രമണങ്ങൾ തുടങ്ങിയ അതിക്രമങ്ങളെ ഫലപ്രദമായി നേരിടുന്നതിന് പോലീസ് സേനയെ നവീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനുവേണ്ടിയുള്ള ഏതെല്ലാം പദ്ധതികളാണ് കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | : (എ) ഭീകരാക്രമണങ്ങൾ തുടങ്ങിയ അതിക്രമങ്ങൾ കേരളത്തിലും ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് മുൻകൂട്ടി കണ്ടുകൊണ്ട് ഇത്തരം അതിക്രമങ്ങൾ ഫലപ്രദമായി നേരിടുന്നതിന് കേരള സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

(Ctnd............2/-)

: (ബി) & (സി)

(ബി) സംസ്ഥാന പോലീസ് സേനയിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അഴിമതിക്കാരായവർ എത്ര ശതമാനം വരുമെന്നു വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ഉദ്യോഗസ്ഥന്മാരെ അഴിമതിവിമുക്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

സംസ്ഥാന പോലീസ് ഉദ്യോഗസ്ഥന്മാരുടെ അഴിമതി കുറയ്ക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന പോലീസ് സേനയിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പോലീസ് ഇൻസ്പെക്ടർ ജനറലിനെ (ഭരണവിഭാഗം) ചീഫ് വിജിലൻസ് ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. സമീപകാലത്ത് പൊതുജനങ്ങൾ ശേഖരിക്കുന്ന ചിത്രങ്ങളും വിവരങ്ങളും നൽകുന്നതിനായി പോലീസ് സേനയിൽ ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ പൊതുജനങ്ങൾക്ക് **citizen watch @ Kerala police . govt . in** എന്ന ഇ-മെയിൽ അഡ്രസ്സിൽ അയച്ച് നൽകാവുന്നതാണ്. ഇത്തരം പരാതികളിന്മേൽ അന്വേഷണം നടത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആണ്.

Ambikadevi S

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 57 — 18-02-2009 ൽ മറുപടിയ്ക്ക്.

## ഏകജാലക സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി മേഖലയും വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയും മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച വിവിധ നടപടികൾ യഥാക്രമം അനുബന്ധം I -ഉം II-ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ വന്നശേഷം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു എന്ന് വിശദമാക്കുമോ ; | (ബി) ഹയർ സെക്കൻഡറി മേഖലയിൽ ആകെ 2066 അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളും, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിൽ ആകെ 488 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) പ്ലസ് വൺ ക്ലാസ്സിലേക്ക് പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയതിന്റെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് ; | (സി) സംവരണ തത്വങ്ങളും, മെരിറ്റും, സാമൂഹ്യനീതിയും ഉറപ്പാക്കി പ്ലസ്‌വൺ പ്രവേശന പ്രക്രിയ പൂർത്തീകരിയ്ക്കുവാൻ ഏകജാലക സംവിധാനം വഴി സാധിച്ചു. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിലെ അപേക്ഷിച്ച യോഗ്യതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ചരിത്രത്തിലാദ്യമായി |

പ്രവേശനം ലഭിച്ചു. മുൻ വർഷങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട 18 മുതൽ 20 ശതമാനം വരെ സീറ്റുകൾ ഒഴിഞ്ഞു കിടന്നപ്പോൾ ഈ വർഷം ഏകജാലക സംവിധാനം നടപ്പിലാക്കിയപ്പോൾ കേവലം 4.50% സീറ്റുകൾ മാത്രമാണ് ഒഴിവ് വന്നത്. പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട 15 ശതമാനത്തിലേറെ വിദ്യാർത്ഥികൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് ഈ അദ്ധ്യയനവർഷം പ്രവേശനം ലഭിച്ചിട്ടുണ്ട്.

(ഡി) ഏകജാലക സംവിധാനം കുറ്റമറ്റതാക്കുന്നതിന് ശുപാർശകൾ നൽകുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) ഹയർ സെക്കന്ററി മേഖലയുമായി ബന്ധപ്പെട്ട് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരാതികൾ പരിഹരിക്കുന്നതിന് സംഘടിപ്പിച്ച അദാലത്ത് വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ ?

(ഇ) ഹയർ സെക്കൻഡറി മേഖലയിലും വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിലും സംഘടിപ്പിച്ച അദാലത്തുകൾ വിജയകരമായിരുന്നു. ഹയർ സെക്കൻഡറി അദാലത്തിൽ ആകെ ഹാജരായ 257 പരാതിക്കാരിൽ 76 പേരുടെ പരാതികൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടുണ്ട്. തീർപ്പാക്കാത്ത പരാതികളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് അപേക്ഷകരെ വിവരം അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58 18-02-2009ൽ മറുപടിയ്ക്ക്

## അലിഗഡ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് കേന്ദ്രാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വിശ്വൻ:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. പി.ടി.എ. റഹിം:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | അലിഗഡ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാരിൽ നിന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിലും 11-ാം പദ്ധതിക്കാലത്ത് അലിഗഡ് മുസ്ലിം സർവ്വകലാശാല രാജ്യത്തെ അഞ്ച് കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓഫ് കാമ്പസ് സെന്ററുകളിൽ ഒന്ന് മലപ്പുറത്ത് സ്ഥാപിക്കാമെന്ന വിവരം അറിയിച്ചിട്ടുണ്ട്. |
| (ബി) | കാമ്പസ് മലപ്പുറത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം സർവ്വകലാശാലയാണോ കേന്ദ്ര സർക്കാരാണോ സംസ്ഥാന സർക്കാരാണോ മുന്നോട്ടു വച്ചത് ; | (ബി) | സംസ്ഥാന സർക്കാർ. |
| (സി) | സെന്റർ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടത് ? | (സി) | 250 മുതൽ 300 വരെ ഏക്കർ സ്ഥലം ഏറ്റെടുത്ത് സൗജന്യമായി നൽകണമെന്നാണ് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കാമ്പസ് സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | സ്വീകരിച്ചു വരുന്നു. 20.01.09ൽ ചേർന്ന മന്ത്രിസഭാ യോഗം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ ഏലംകുളം, ആനമങ്ങാട് വില്ലേജുകളിൽപ്പെട്ട 400 ഏക്കർ സ്ഥലം ഇതിനായി ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ തീരുമാനിക്കുകയും 27-1-2009 ന് ജി.ഒ(എം.എസ്)നം.21/09/ഉ.വി.വ നമ്പർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പ് അടിയന്തിര നടപടി സ്വീകരിച്ചു വരികയാണ്. |
| (ഇ) | സെന്ററിനായി എത്ര കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട് ; | (ഇ) | തുക അനുവദിച്ചിട്ടില്ല. |
| (എഫ്) | സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതു മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ? | (എഫ്) | വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന വടക്കൻ കേരളത്തിൽ വിദ്യാഭ്യാസപുരോഗതി കൈവരിക്കാൻ സെന്റർ സഹായകമാകും. |

Sherly P

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 59 — 18.02.2009- ൽ മറുപടിക്ക്.

## തീരദേശ സുരക്ഷാ ജാഗ്രതാ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ സുരക്ഷ ശക്തമാക്കാനായി മത്സ്യതൊഴിലാളികളുടെ പങ്കാളിത്തത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ ജാഗ്രതാസമിതികൾ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും ഇവയുടെ ചുമതല എന്താണെന്നും വ്യക്തമാക്കാമോ ; | : (ബി) ജാഗ്രതാ സമിതികൾ ഉടൻ തന്നെ പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ജാഗ്രതാ സമിതികളിൽ ആരെയൊക്കെയാണ് അംഗങ്ങളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | : (സി) ജാഗ്രതാ സമിതികളിലെ അംഗങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 60

18.02.2009- ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. കെ. വി തോമസ് | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | : | (എ) ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നൂതനമായ ജനമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (ബി) ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | : | (ബി) ജനങ്ങളുമായി ചേർന്നുള്ള രാത്രികാല പട്രോളിംഗ് പദ്ധതി, സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ ഏകോപിപ്പിക്കൽ, പ്രദേശത്ത് എത്തുന്ന അപരിചിതരെയും പുതുതായി താമസിക്കാൻ എത്തുന്നവരേയും മനസ്സിലാക്കുന്നതിന് സഹായകരമായ പദ്ധതികൾ തുടങ്ങിയവ ജനമൈത്രി പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. മുതിർന്ന പൗരൻമാർക്കുള്ള ഹെൽപ്പ്ലൈൻ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ, |

( Ctnd...............2/-)

വിവിധ ബോധവൽക്കരണപ്രവർത്തനങ്ങൾ, ട്രാഫിക് വാർഡൻ സമ്പ്രദായം, വിവിധ രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ളവരെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള പദ്ധതികൾ, സുരക്ഷാ ജാഗ്രതാ പദ്ധതികൾ8 രക്തദാനം, നേത്രദാനം അവയവദാനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ തുടങ്ങിയവയാണ് ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ.

(സി) ജനപ്രതിനിധികളും പോലീസും തമ്മിലുള്ള ആരോഗ്യകരമായ ബന്ധത്തിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

: (സി) ജനപ്രതിനിധികളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി ജനമൈത്രി പദ്ധതിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുകയും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ